# പരിചായകം

നമ്മെ സംബന്ധിച്ചിടത്തോളം ഏറെ ആഹ്ലാദകരമായ ഒരു ദിവസം ആണ് ഇന്ന്. നമ്മുടെയിടയിൽ ജീവിച്ചിരിക്കുന്ന സംസ്കൃതപണ്ഡിതന്മാരിൽ ശ്രേഷ്ഠനാണ് പ്രൊഫസർ സത്യവ്രതശാസ്ത്രികൾ. യാദൃച്ഛികമായിട്ടാണ് അദ്ദേഹത്തെ നമുക്കിവിടെ കിട്ടിയത്. ഇതിൽ നിയതിയുടെ ഒരു സൂചന ഉണ്ടെന്ന് തോന്നുന്നു. നമ്മുടെ സ്ഥാപകൻ മറ്റെല്ലാ വിശേഷണങ്ങൾക്കുമുപരി കവിയും സംസ്കൃതപണ്ഡിതനുമായിരുന്നു. നന്നെ കുട്ടിക്കാലത്ത് അദ്ദേഹം എഴുതിയ ശ്ലോകമിതാണ് :

> വന്ദേ നാരായണം ദേവം നൂതനാംബുദമേചകം
> ശംഖചക്രഗദാപദ്മധരം ഗരുഡവാഹനം

ഇതു മുതൽ അതിഗഹനങ്ങളായ ശാസ്ത്രവിഷയങ്ങൾ പ്രതിപാദിക്കുന്ന ബൃഹച്ഛാരീരവും അഷ്ടാംഗശാരീരവും വരെ സംസ്കൃതത്തിൽ അദ്ദേഹം രചിച്ചിട്ടുണ്ട്. അക്കാലത്ത് അധികമാർക്കും കഴിയുന്നതായിരുന്നില്ല ഇവയൊന്നും. അത്തരം ഒരു പണ്ഡിതന്റെ നൂറ്റിയമ്പതാം ജന്മവർഷം ആഘോഷിക്കുമ്പോൾ ഇന്ത്യയിലെ ഏറ്റവും വലിയ സംസ്കൃതപണ്ഡിതൻ തന്നെ സന്നിഹിതനാകുന്നത് നമുക്ക് അഭിമാനകരമാണ്.

പരിചയപ്പെടുത്തൽ ആവശ്യം ഇല്ലാത്ത തരത്തിൽ പ്രസിദ്ധനാണ് പ്രൊഫസർ ശാസ്ത്രികൾ. എക്കാലത്തെയും വ്യാകരണപണ്ഡിതന്മാരിൽ ശ്രേഷ്ഠനായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. ശ്രീ. ചാരുദേവശാസ്ത്രി. പിതാവിൽ നിന്ന് ലഭിച്ച പരമ്പരാഗതരീതിയിലുള്ള പഠനവും സർവകലാശാലകളിൽ നന്ന് നേടിയ തുടർവിദ്യാഭ്യാസവും, പ്രാചീനതയും നവീനതയും തമ്മിലുള്ള സമഞ്ജസമായ സമ്മേളനമാക്കിത്തീർത്തു അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ. സംസ്കൃതത്തിലും ഹിന്ദിയിലും ഇംഗ്ലീഷിലും അനേകം ഗ്രന്ഥങ്ങളും എണ്ണമറ്റ ഗവേഷണപ്രബന്ധങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. വലിയ ഒരു ശിഷ്യസമ്പത്ത് അദ്ദേഹത്തിനുണ്ട്.

വ്യക്തിപരമായി പറഞ്ഞാൽ, മൂന്ന് ദശകങ്ങളിൽ അധികമുള്ള ബന്ധം ഞങ്ങൾ തമ്മിലുണ്ട്. 1987 ൽ ഞാൻ തൃപ്പൂണിത്തുറ സംസ്കൃതകോളേജിൽ പ്രിൻസിപ്പലായിരിക്കുമ്പോൾ പൂർണ്ണത്രയീ എന്ന പേരിൽ ഒരു ഗവേഷണ പത്രിക ആരംഭിച്ചു. അതിന്റെ ആദ്യലക്കത്തിലേയ്ക്ക് ലേഖനം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അദ്ദേഹത്തിനെഴുതി. പെട്ടെന്ന് തന്നെ അദ്ദേഹം പ്രൗഢമായൊരു പ്രബന്ധം അയച്ചുതന്നു.

ആയിടയ്ക്കാണ് ജ്ഞാനപീഠപുരസ്കാരം നേടിക്കൊടുത്ത ശ്രീ രാമകീർത്തിമഹാകാവ്യം അദ്ദേഹം രചിച്ചത്. അത് കിട്ടിയപ്പോൾ തന്നെ ഇംഗ്ലീഷിലും മലയാളത്തിലും അതിനെപ്പറ്റി ലേഖനങ്ങൾ ഞാൻ എഴുതി പ്രസിദ്ധീകരിച്ചിരുന്നു. തുടർന്നു, അനേകം വേദികളിൽ വെച്ച് ബന്ധപ്പെടാൻ ഞങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ രണ്ടാം സംസ്കൃതകമ്മീഷന്റെ ചെയർമാനായി അദ്ദേഹത്തെ നിയമിച്ചപ്പോൾ അവസരങ്ങൾ കൂടി. മൂന്നുവർഷം മുൻപ് തൃപ്പൂണിത്തുറയിൽ വെച്ച് പരീക്ഷിത്ത് സ്മാരകപ്രഭാഷണം നിർവഹിക്കാൻ എന്റെ അപേക്ഷയനുസരിച്ച് അദ്ദേഹം കേരളത്തിൽ വരികയുണ്ടായി.

He used to say that every visit to Kerala is a homecoming for him. The people are so loving. Even at this age he is very alert. This morning also he said that at every moment I am gaining knowledge grain by grain. കണശഃ, കണശഃ.

ജ്ഞാനപീഠത്തിന് അദ്ദേഹത്തെ അർഹനാക്കിയത് ശ്രീ രാമകീർത്തിമഹാകാവ്യമാണല്ലോ. തായ്‌ലൻഡിൽ പ്രചാരത്തിലുള്ള രാമായണകഥയെ അടിസ്ഥാനമാക്കി സംസ്കൃതത്തിൽ രചിച്ചിട്ടുള്ളതാണ് ഈ മഹാകാവ്യം. ഡോ. സി. രാജേന്ദ്രൻ ഇത് മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. നമുക്ക് പരിചയമുള്ള രാമകഥയിൽ നിന്ന് തായ്കഥയ്ക്ക് പല ഭേദങ്ങളുണ്ട്. ഒന്നാമത്തെ കാര്യം രാമായണകഥ നടന്നത് തായ്‌ലൻഡിൽ ആണെന്ന് അവർ വിശ്വസിക്കുന്നു എന്നതാണ്. ലവൻ സീതാരാമന്മാരുടെ പുത്രനല്ല. സീത രാവണന്റെ ചിത്രം വരച്ചതുകൊണ്ടാണ് ശ്രീരാമന് ശങ്കയുണ്ടായത്. സീതയെ കൊന്നുകളയാനാണ് അദ്ദേഹം ലക്ഷ്മണനോട് ആജ്ഞാപിക്കുന്നത്. തായ്‌ലൻഡിൽ പ്രചാരത്തിലുള്ള വിശ്വാസങ്ങളാണ് ഇതൊക്കെ. ലളിതവും സ്നിഗ്ദ്ധവുമാണ് രചനാശൈലി. കുമാരസംഭവത്തെപ്പോലെ വസ്തുനിർദ്ദേശത്തോടെയാണ് പ്രാരംഭം –

> അസ്ത്യേശിയാ നാമനി സുപ്രസിദ്ധേ
> ദ്വീപേ വിശാലേതി വിശാലകീർത്തിഃ
> ആഗ്നേയദിങ്മണ്ഡലമൗലിഭൂതോ
> ദേശോƒതിരമ്യോ ഭുവി ഥായിലൈണ്ഡഃ

ഏഷ്യ എന്ന സുപ്രസിദ്ധവും വിശാലവുമായ വൻകരയിൽ വിഖ്യാതവും അതിമനോഹരവും തെക്കുകിഴക്കൻ ദിക്കിന്റെ കിരീടംപോലെ ശോഭിക്കുന്നതുമായ തായ്‌ലന്റ് എന്നൊരു ദേശമുണ്ട്.

ലോകത്തിലെ മിക്കവാറും എല്ലാ സർവ്വകലാശാലകളിലും അദ്ദേഹം പ്രഭാഷണം നിർവ്വഹിച്ചിട്ടുണ്ട്. വിപുലമായ ഈ ലോകപരിചയമാണ് വിദേശപണ്ഡിതന്മാരുടെ സംഭാവനകളെപ്പറ്റി പരിചയപ്പെടുത്താൻ അദ്ദേഹത്തെ പ്രാപ്തനാക്കുന്നത്.

പതിനെട്ടാം നൂറ്റാണ്ടിന് മുൻപ് ഇന്ത്യയുടെ വിജ്ഞാനപാരമ്പര്യം ബാഹ്യലോകത്തിന് അധികമൊന്നും അറിയുമായിരുന്നില്ല. ഇൻഡ്യയിലെത്തിയ ഈസ്റ്റിൻഡ്യാ കമ്പനിയുടെ ഉദ്യോഗസ്ഥന്മാരാണ് ആദ്യമായി സംസ്കൃതത്തെ അടുത്ത് പരിചയപ്പെട്ടത്. ഈ കണ്ടെത്തൽ അവരിൽ അദ്ഭുതവും ആദരവുമുളവാക്കി. തുടർന്നാണ് സംസ്കൃതകൃതികൾ ഇംഗ്ലീഷിലേയ്ക്ക് പരിഭാഷപ്പെടുത്താൻ അവർ ആരംഭിച്ചത്. 1789-ൽ വില്യം ജോൺസ് ശാകുന്തളം ഇംഗ്ലീഷിലാക്കി. തുടർന്ന് മിക്കവാറും എല്ലാ സംസ്കൃത കൃതികൾക്കും ലോകഭാഷകളിലെല്ലാം വിവർത്തനങ്ങളുണ്ടായി. പ്രധാനപ്പെട്ട സർവ്വകലാശാലകൾ സംസ്കൃതപഠനത്തിന് പ്രത്യേക കേന്ദ്രങ്ങളുണ്ടാക്കി. പാണിനിയുടെ വ്യാകരണമാണ് ആധുനികഭാഷാ ശാസ്ത്രത്തിന് അടിത്തറയിട്ടത്. ശങ്കരാചാര്യരുടെ കൃതികൾ തത്ത്വശാസ്ത്രത്തിന്റെ ചരിത്രത്തെത്തന്നെ മാറ്റി എഴുതാൻ സഹായകമായി. നാട്യശാസ്ത്രവും ധ്വനിസിദ്ധാന്തവും ആധുനിക സൗന്ദര്യശാസ്ത്രത്തെ വളരെ സ്വാധീനിച്ചു. ഭാരതത്തിലെ പ്രാചീന ജ്ഞാനശേഖരങ്ങൾ ലോകത്തിനുമുൻപിൽ തുറന്നുവെച്ചതും വൈജ്ഞാനിക മേഖലയിൽ ഭാരതത്തിന് ഇന്ന് ലഭിച്ചിരിക്കുന്ന മേൽക്കൈ നേടിത്തന്നതും വിദേശപണ്ഡിതന്മാരാണ്.

അവരുമായി അടുത്തബന്ധവും സൗഹൃദവും പുലർത്തുന്ന ശാസ്ത്രികൾ ആ അനുഭവങ്ങളാണ് ചുരുങ്ങിയ സമയത്തിൽ നമ്മോട് പങ്കിടാൻ ആഗ്രഹിക്കുന്നത്.

ശാസ്ത്രിയുടെ പുത്രി ഡോ. ഇന്ദു നമ്മോടൊപ്പമുണ്ട്. ദൽഹി യൂണിവേഴ്സിറ്റിയിൽ ഹിന്ദി പ്രൊഫസറാണ് ഡോ. ഇന്ദു. ഡോ. ആതിര കാലടി യൂണിവേഴ്സിറ്റിയിലാണ്. ഡോ. സുന്ദരേശൻ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സംസ്കൃതവിഭാഗാദ്ധ്യക്ഷനാണ്.